**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6165** **20.11.2019 ൽ മറുപടിയ്ക്ക്**

**മലയോര ഹൈവെയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്ന പ്രക്രിയ**

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മലയോര ഹൈവെയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്ന പ്രക്രിയയുടെ നടപടിക്രമം ഏത് വരെയായി, പ്രസ്തുത നടപടിക്രമം വേഗത്തിലാക്കാൻ സ്വീകരിച്ച കാര്യങ്ങൾ വിശദമാക്കാമോ; | (എ) | കേരള സംസ്ഥാനത്ത് മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. ദൂരത്തിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട മലയോര ഹൈവേയ്ക്ക് ആവശ്യമായ വനഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് Forest (Conservation) Act, 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥ മന്ത്രാലയത്തിന്റെ അനുമതി തേടുന്നതിനുള്ള പ്രൊപ്പോസൽ ഓൺലൈനായി സമർപ്പിക്കുകയും, പ്രാഥമിക പരിശോധനയിൽ തുടർച്ചയായ വനമേഖലയിൽ തന്നെ ഒന്നിലധികം അപേക്ഷകൾ സമർപ്പിച്ചതിനാൽ കേന്ദ്ര സർക്കാരിന്റെ Hand Book Para 2.2(iii) പ്രകാരമുള്ള ഭേദഗതി വരുത്തി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട മലയോര ഹൈവേക്കായി 66.2 ഹെക്ടർ വനഭൂമി ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ളതും നാളിതുവരെ കേന്ദ്ര അനുമതിക്കായി 12 പ്രൊപ്പോസലുകളിലായി 38.342 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. കോമ്പൻസേറ്ററി അഫോറസ്റ്റേഷനായി തത്തുല്യമായ വിസ്തൃതിയിലുള്ള ഭൂമി യൂസർ ഏജൻസി കണ്ടെത്തി വനം വകുപ്പിന് നൽകേണ്ടതുമുണ്ട്. എന്നാൽ ഇപ്രകാരം തത്തുല്യമായ വിസ്തൃതിയിലുള്ള ഭൂമി കണ്ടെത്തി നൽകുന്നതിൽ യൂസർ ഏജൻസിയുടെ ഭാഗത്തു നിന്നും നടപടികൾ ഇതുവരെയും എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലമ്പൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന മലയോര ഹൈവേ നിർമ്മാണത്തിനായി പൊതു മരാമത്ത് വകുപ്പ് ഓൺലൈനായി (FP/KL/Road/38931/2019) 1.7651844 ഹെക്ടർ വനഭൂമി വിട്ടു നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ നിയമപ്രകാരമുള്ള പരിശോധനയ്ക്കും റിപ്പോർട്ടിനുമായി നിലമ്പൂർ (നോർത്ത്/സൗത്ത്) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ അറിയിക്കാമോ? | (സി) | മേൽ പ്രൊപ്പോസൽ www.parivesh.nic.in വെബ് പോർട്ടലിൽ ഓൺലൈനിലാണ് സമർപ്പിച്ചിട്ടുള്ളത് (FP/KL/Road/38931/2019) |

സെക്ഷൻ ഓഫീസർ